ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. വി. തോമസ്):

(എ, ബി) തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, ചങ്ങനാശ്ശേരി, കോട്ടയം, എറണാകുളം, കൊച്ചി, തൃശ്ശൂർ, ചാവക്കാട്, എന്നീ ഒൻപതു കേന്ദ്രങ്ങളിലായി ജലഗതാഗതവ്യവസായ ബന്ധക്കമ്മിറ്റികൾ രൂപീകരിക്കുന്നതിനുള്ള തീരുമാനം ഗവണ്മെൻറ് കൈക്കൊണ്ടിട്ടുണ്ട്. നാവിക തൊഴിലിനു് സ്ഥിരതയും കൂടുതൽ വരുമാനവും കിട്ടുന്നതിനു് ഉപകരിക്കത്തക്കരീതി സംവിധാനമുണ്ടായിരിക്കണമെന്നും തീരുമാനിച്ചിട്ടുണ്ട്. അതിലേക്കു് ഒരു കമ്മിറ്റിയേയും സംവിധാനിപ്പിച്ചിട്ടുണ്ട്.

(സി) മേൽ പ്രസ്താവിച്ച കമ്മിറ്റികൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ ഗവണ്മെൻറിൻറെ പരിഗണനയിൽ ഇരിക്കുകയാണു്.

ശ്രീ. ജി. കാർത്തികേയൻ : നാവികതൊഴിലാളികളുടെ അവശതാപരിഹാരാർത്ഥം അവർ സമർപ്പിച്ച നിവേദനത്തിൻറെ ഫലമായി അടിയന്തിര നടപടികൾ കൈക്കൊള്ളുമെന്നു് ഗവണ്മെൻറ് പറഞ്ഞതു പ്രകാരം വല്ലതും ചെയ്തിട്ടുണ്ടോ ?

ശ്രീ. ടി. വി. തോമസ്സ് : മേൽ പ്രസ്താവിച്ചതുതന്നെയാണു് അടിയന്തിരമായി നടപ്പിലാക്കാം എന്നു സമ്മതിച്ചിരുന്നതു്.

ശ്രീ. ജി. കാർത്തികേയൻ : നാവിക തൊഴിലാളികൾക്കു് ഇന്നുള്ള ഗതാഗതത്തടസ്സങ്ങൾ നീക്കുന്നതിനു കനാൽ ഡിപ്പാർട്ടുമെൻറുമായി വല്ല നടപടികളും ഗവണ്മെൻറ് എടുക്കുന്നുണ്ടോ ?

ശ്രീ. ടി. വി. തോമസ്സ് : അതിനു ഡിപ്പാർട്ടുമെൻറിൽനിന്നു ചില നടപടികൾ എടുക്കുന്നുണ്ടെന്നാണു് അറിയുന്നതു്. ഇല്ലെങ്കിൽ നടപടികൾ എടുക്കുന്നതാണു്.

ശ്രീ. കെ. കെ. വിശ്വനാഥൻ : കനാൽവഴി ചരക്കു കൊണ്ടുപോകുന്നതിനു് കനാൽ ഡിപ്പാർട്ടുമെൻറിൻറെ പ്രവർത്തനംമൂലം നാവിക തൊഴിലാളികൾക്കു് ഇന്നു് വളരെ ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ടു്. അതു തീർക്കുന്നതിനു നടപടി എടുക്കുന്നുണ്ടോ ?

ശ്രീ. ടി. വി. തോമസ്സ് : എടുക്കുന്നുണ്ടു്.

Reconstitution of the Taluks, N. E. S. and C. D. Blocks.

* 1403. [32] **Shri E. P. Poulose** : Will the Chief Minister be pleased to state :

(a) whether Government have received the final proposals of the various District Development Councils regarding the re-constitution of the Taluks, N. E. S. and C. D. Blocks ; and

(b) if not, when does Government expect these proposals ?

Minister for Finance **(Shri C. Atchutha Menon)** :

(a) No.

(b) Before the end of June 1959.

കുത്തകപ്പാട്ടക്കാരുടെ പാട്ടം സ്റ്റേചെയ്ത ഓർഡർ.

* 1404. [33] † ശ്രീമതി കുസുമം ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വനംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഞ്ചു് ഏക്കർ വരെയുള്ള കുത്തകപ്പാട്ടക്കാരുടെ പാട്ടം സ്റ്റേ ചെയ്തിരുന്നുവോ ; എന്നാണു് ആ സ്റ്റേ ഓർഡർ ഉണ്ടായതു്,

† As the member was absent the question was put by Shri C. A. Mathew, with the permission of the Chair.

LIBRARY ARCHIVES Kerala Legislative Assembly

(ബി) മൂന്ന് ഏക്കർ വരെയുള്ളവരുടെ മാത്രം പാട്ടം സ്റ്റേ ചെയ്താൽ മതിയെന്ന് ഈ ഗവണ്മെൻറ് ഉത്തരവു പുറപ്പെടുവിക്കുകയുണ്ടായോ ;

(സി) അപ്പോൾ നാലും അഞ്ചും ഏക്കർ കൈവശംവച്ച് അനുഭവിച്ചു വന്നവർക്ക് ഇപ്പോൾ ഈ ഉത്തരവുമൂലം ഇതുവരെയുള്ള കുടിശ്ശിക മുഴുവൻ ഇപ്പോൾ അടച്ചുതീർക്കേണ്ടതായി വരുകയില്ലേ ?

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോർജ്) :

(എ) കുത്തകപ്പാട്ടം ഭൂമി ഉൾപ്പെടെ ഒട്ടാകെ അഞ്ചു് ഏക്കറിൽ കൂടുതൽ ഭൂമി സ്വന്തമായോ കൈവശമോ ഇല്ലാത്ത ആളുകളുടെ കൈയിൽനിന്നു് കുടിശ്ശികപ്പാട്ടം ഈടാക്കുന്നതു് സ്റ്റേചെയ്തിട്ടുണ്ടു്. 6-7-1958-ലെ ആ സ്റ്റേ ഓർഡർ റവന്യൂ ഡിപ്പാർട്ടുമെൻറ് ഭൂമികളെ മാത്രം ബാധിക്കുന്നതാണു്.

(ബി) ഇല്ല.

(സി) മേൽ ഉത്തരത്തിൻറെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

സ്യാബോർഡു് ഫാക്ടറിയുടെ പണി.

* 1405. [34] ശ്രീ. ജി. പത്മനാഭൻ തമ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരിമലയിൽ സ്ഥാപിക്കുന്ന സ്യാബോർഡു് ഫാക്ടറിയുടെ പണി ഇനി ഏതു ഘട്ടത്തിൽ എത്തിയിട്ടുണ്ടു് ;

(ബി) ടി ഫാക്ടറിയുടെ ആവശ്യത്തിലേക്കുള്ള മെഷീനറി ഇതിനകം വന്നുകഴിഞ്ഞിട്ടുണ്ടോ ;

(സി) മെഷീനറി ഇൻസ്റ്റാൾ ചെയ്യുന്നതു് ഫാക്ടറിക്കെട്ടിടം പണി കഴിഞ്ഞതിനു ശേഷമാണോ ;

(ഡി) ഫാക്ടറി തുറക്കുവേണ്ടി പണി തുടങ്ങിയിരിക്കുന്നു കേട്ടിടവും ബഹുമാനപ്പെട്ട വ്യവസായമന്ത്രി സ്ഥാപിച്ച ഫൗണ്ടേഷൻ സ്റ്റോണും തമ്മിൽ എത്ര വാര അകലമുണ്ടു് ;

(ഇ) ഇങ്ങനെ സംഭവിക്കുവാൻ പ്രത്യേക കാരണമെന്തെങ്കിലും ഉണ്ടോ ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. പി. ഗോപാലൻ) :

(എ, ഡി, ഇ) ഈ ചോദ്യങ്ങൾക്കു് ഉത്തരം ശേഖരിച്ചുവരുന്നതേയുള്ളൂ.

(ബി) ഭൂരിഭാഗവും വന്നുകഴിഞ്ഞു.

(സി) അതേ.

സ്റ്റേറ്റ് ട്രാൻസ്പോർട്ടു് ബസ്സു് സ്റ്റുവീസു്.

* 1406. [35] ശ്രീ. കെ. കുഞ്ഞമ്പു : താഴെ കാൺുന്ന ചോദ്യങ്ങൾക്കു് തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലബാർ പ്രദേശത്തു് ഏതു മൈൽ സ്റ്റേറ്റു് ട്രാൻസ്പോർട്ടു് ബസ്സുകളാണു് ഓടുന്നുണ്ടു് ;

(ബി) ഏതു ബസ്സുകളാണു് ഓടുന്നുണ്ടു് ;

(സി) പൊന്നാനി ടയണിലേയ്ക്കു് ബസ്സു് ലൈൻ നീട്ടുന്നതിനു് വല്ല നടപടിയും എടുത്തിട്ടുണ്ടോ ; ഇല്ലെങ്കിൽ പൊന്നാനി ടയണിലേയ്ക്കുകൂടി ബസ്സു് സുവീസു് നീട്ടുന്നതിനു് സത്വരനടപടികളും സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly